പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 389 — 28.10.2019 -ൽ മറുപടിക്ക്

## ഹോട്ടൽ ഭക്ഷണ വിലവിവരം

| ചോദ്യം<br>**ശ്രീ.ബി.സത്യൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ ഭക്ഷ്യ വസ്തുക്കൾക്ക് അടിസ്ഥാനവിലയോ അളവോ നിശ്ചയിച്ചിട്ടുണ്ടോ; വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന നിയമം നിലവിലുണ്ടോ; ആയത് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ ; | (എ) ഹോട്ടലുകളിൽ ഭക്ഷ്യ വസ്തുക്കൾക്ക് അടിസ്ഥാന വിലയോ അളവോ നിശ്ചയിച്ചിട്ടില്ല. ശബരിമല ഉത്സവക്കാലത്ത് പത്തനംതിട്ട ജില്ലയിലും സമീപ ജില്ലകളിലും വെജിറ്റേറിയൻ ആഹാരത്തിന്റെ വില നിലവാരവും അളവും എല്ലാ വർഷവും ജില്ലാ കളക്ടർമാർ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താറുണ്ട്. എന്നാൽ വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന നിയമം നിലവിലുണ്ട്. ആയത് പരിശോധിച്ച് ഉറപ്പു വരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2019 ഏപ്രിൽ മുതൽ) ഈ വിഷയം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2019 ഏപ്രിൽ മുതൽ) ഈ വിഷയം സംബന്ധിച്ച് 207 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ